**D 142676** **(Pages : 2)** **Name..................................**

**Reg. No...............................**

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2026

B.A./B.Sc.

Malayalam

MAL 2A 08(1)—MALAYALA SAHITHYAM–2

(2019 Syllabus)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 “നോവൽ രചനയും മുദ്രണവും വിതരണവും വായനയും അനസ്യൂതമായി നടന്ന പ്രക്രിയ ആയിരുന്നില്ല ” ആരുടെ അഭിപ്രായമാണിത് ?

2 ‘ഉൺമയിലുള്ള അവിശ്വാസമാണ് ഈ തള്ളി കയറുന്ന പ്രത്യക്ഷ ഭംഗി’. എന്തിനെക്കുറിച്ചാണ് പരാമർശിക്കുന്നത് ?

3 “കഴുകനിജ്ജഡം കാത്തുസൂക്ഷിക്കുന്ന

കഴുമരം !–ഹാ, ഭ്രമിച്ചു ഞാൻ തെല്ലിട !”

–വക്താവാര് ? സന്ദർഭം ?

4 “മാമക പ്രേമം നിത്യ-

മൂകമായിരിക്കട്ടെ”

–ആരുടെ ? എന്തുകൊണ്ട് ?

5 “നാവിനാൽ മനസ്സാലും ഞങ്ങളീ നിഷ്കിഞ്ചനർ”–വിവക്ഷിതം എന്ത് ?

6 ആധുനിക മലയാള കവിതയുടെ പ്രോദ്ഘാടകൻ എന്ന് അയ്യപ്പപണിക്കരെ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട് ?

7 “അമ്മ നിനക്കു തന്ന ഉമ്മകളിലൊന്ന്

അമ്മക്ക് പകരം നൽകുക.

–എപ്പോൾ ? എന്തു കൊണ്ട് ?

8 എന്തുകൊണ്ടാണ് ഭീഷ്മരോട് പകരം വീട്ടാൻ അംബ തീരുമാനിച്ചത് ?

9 ശാസ്ത്രത്തെയും പുരാണത്തെയും ഒരുമിച്ച് നിർത്തി പുതിയ കണ്ടെത്തലലിലേക്ക് എത്താൻ സൂതപുത്രനെ ചിന്തിപ്പിച്ചത് എന്ത് ?

10 സൂര്യകാന്തി ഒരു പ്രതീകാത്മക കവിതയാണോ ?

11 “ഇന്നുനാമ്മാദ്യ കവിത വായിക്കുക” ആരാണ് ഇത് പറയുന്നത് ?

**Turn over**

766735



12 'റൊമാന്റിക് ഔട്ട്സൈഡർ' എന്ന വിശേഷണത്തിന്റെ ഔചിത്യം.

13 "ഏകകാര്യമഥവാ ബഹൂത്ഥമാ

ഏകഹേതു ബഹുകാര്യകാരിയാം !"

–സന്ദർഭം എഴുതി ആശയം വിശദമാക്കുക.

14 വിഷാദാത്മക കവിയായി ഇടപ്പള്ളിയെ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട് ?

15 ആധുനികത എന്നാൽ എന്ത് ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 കലോപാസകൻ എന്ന കവിതയുടെ ദർശനം എന്ത് ?

17 വ്യാജമായി നിർമ്മിച്ച ഒരു ആശയസംഹിതയാണോ 'കുതിരക്കൊമ്പ്' പരിശോധിക്കുക..

18 മണിനാദം എന്ന കവിതയിൽ മൃത്യുബോധം പ്രതിനിധാനം ചെയ്യപ്പെടുന്നത് എങ്ങനെ ?

19 "പ്രണയാദർശം അല്ല ശകുന്തളോപാഖ്യാനത്തിന്റെ ആദർശം" എന്ന മുണ്ടശ്ശേരിയുടെ നിലപാട് പരിശോധിക്കുക.

20 മിസ്റ്റിക് കവിതയുടെ സവിശേഷതകൾ 'സൂര്യകാന്തി'യിൽ കണ്ടെത്താനാകുമോ?

21 ആദികാവ്യത്തെയും രാമനെയും മാതൃകയാക്കാൻ കവി പറയുന്നത് എന്തുകൊണ്ട് ?

22 'ജന്തുവിന്നുതടരുന്നു വാസനാ- ബന്ധമിങ്ങുടലുവീഴുവോളവും'–വിശദീകരിക്കുക.

23 സ്ത്രീവാദപരമായ കവിതയാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' പരിശോധിക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. പരമാവധി 20 മാർക്ക്.

24 ഇതിഹാസ കഥാപാത്രങ്ങളുടെ മനുഷ്യസഹജമായ ദുർബലതകളെ എടുത്തുകാട്ടുന്ന പഠനമാണ് 'അംബ'. പരിശോധിക്കുക.

25 കവികൾ അതാതു കാലത്തിന്റെ കളിപ്പന്തുകൾ ആയിരുന്നു എന്നതിന് കാളിദാസനെ വിചാരണ ചെയ്ത് മുണ്ടശ്ശേരി കണ്ടെത്തുന്ന തെളിവുകൾ എന്തെല്ലാം ?

26 പ്രണയ നൈരാശ്യം ഇല്ലായിരുന്നുവെങ്കിലും ഇടപ്പള്ളി ആത്മഹത്യ ചെയ്യുമായിരുന്നു എന്ന് കെ.പി. അപ്പൻ പറയുന്നതെന്തുകൊണ്ട് ?

27 മലയാള കവിതയുടെ വികാസ പരിണാമങ്ങൾ പാഠഭാഗങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

($2 \times 10 = 20$ marks)

766735

**D 124410** **(Pages : 3)** **Name.......................................**

**Reg. No...................................**

# SECOND SEMESTER (CBCSS–UG) DEGREE SUPPLEMENTARY EXAMINATION, APRIL 2025

(B.A./B.Sc.)

Malayalam

MAL 2A 08(1)—MALAYALA SAHITHYAM-2

(2019 Syllabus)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "കാന്തയിന്നടിതകർന്ന സേതുപോൽ

ദാന്തിയറ്റു ദയനീയയായിതേ"

—ആശയം വിശദമാക്കുക.

2 "കാട്ടിലിങ്ങനെ മനുഷ്യഗേയമാം

പാട്ടുകേട്ടു പരമാർന്നു കൗതുകം"

—സന്ദർഭം ഏത് ?

3 "സുഖദസുന്ദര സ്വപ്നശതങ്ങൾതൻ-

സുലളിതാനന്ദഗാനനിമഗ്നനായ് "

—ആര് ? വ്യക്തമാക്കുക.

4 "അരച്ചാൺ വയറിന്നായ് കർമ്മങ്ങളനുഷ്ഠിച്ചു

മരിക്കുന്നവർ ഞങ്ങൾ

—ആരാണവർ ? വ്യക്തമാക്കുക.

5 "ജീവിതസാഫല്യത്തിന്റെ പൊരുളെങ്ങുലകത്തിൽ

കേവലമൃത്പിണ്ഡത്തിനുള്ളിലോ പുറമെയോ ?

—സൂചിതം വിശദീകരിക്കുക.

6 'കുതിരക്കൊമ്പ്' എന്ന കവിത അവതരിപ്പിക്കുന്ന ആശയമെന്ത് ?

**Turn over**



11105

641317



7 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിത നൽകുന്ന സന്ദേശമെന്ത് ?

8 "അക്ഷരം പുറപ്പെട്ടില്ലന്യോന്യം നോക്കീ ഞങ്ങൾ ;

തൽക്ഷണം കറമ്പിരാവെന്തിനങ്ങോട്ടേയ്ക്കെത്തി"

—സന്ദർഭം, ആശയം ഇവ വിശദമാക്കുക.

9 നോവൽ എന്ന ആഖ്യാനരൂപം കേരളീയ സംസ്കാരത്തിന്റെ ഭാഗമായത് എന്നു മുതൽക്കാണ് ?

10 മലയാള നോവൽ സാഹിത്യത്തിൽ ചന്തുമേനോൻ നിർവഹിച്ച ചരിത്രപരമായ ദൗത്യം എന്താണ് ?

11 സൂതകുമാരൻ കുതിരക്കൊമ്പ് അന്വേഷിച്ചു നടക്കുന്നത് എവിടെല്ലാമാണെന്നാണ് കവി പറയുന്നത് ?

12 "ഇന്നു പഴയ കുതിരകൾ മാറ്റുക

ഇന്നു പുതിയ പാളങ്ങൾ വിരിയ്ക്കുക.

—വിവക്ഷിതമെന്ത് ?

13 വൃദ്ധയായ അമ്മയിലും കുഞ്ഞിലും കവയിത്രി കാണുന്ന പൊതുസ്വഭാവമെന്ത് ? വിശദമാക്കുക.

14 ഇടപ്പള്ളിയുടെ ആത്മഹത്യയിൽ കാല്പനികവാദിയായ അന്യനെ ലേഖകൻ കണ്ടെത്തുന്നതെപ്രകാരം ?

15 അവിടുന്നും കടന്ന് അവയെ വ്യാഖ്യാനിക്കാൻ പുറപ്പെട്ടാലേ കുഴപ്പമുള്ളൂ – മുണ്ടശ്ശേരി പറയുന്നതെന്ത് ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 "സന്തതം മിഹിരാത്മശോഭയും

സ്വന്തമാം മധു കൊതിച്ച വണ്ടിനും

ചന്തമാർന്നരുളി നിൽക്കുമോമലേ

ഹന്ത ! ധന്യമിഹ നിന്റെ ജീവിതം"

—ആശയം വ്യക്തമാക്കുക.

17 സൂര്യകാന്തി എന്ന കവിതയുടെ മിസ്റ്റിക് സ്വഭാവം വിലയിരുത്തുക.

18 പാരമ്പര്യതിരസ്കാരത്തിന്റെയും രാഷ്ട്രീയ പരിഹാസത്തിന്റെയും വേദിയാണ് 'കുതിരക്കൊമ്പ്' എന്ന കവിത – സമർത്ഥിക്കുക.

641317

641317



19 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയെ പ്രസക്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

20 "കുടിലുകൊട്ടാരമാകാനുയരുന്നു ;

കടലിരമ്പുന്നു കൈത്തോട്ടിലെത്തുവാൻ"

—സന്ദർഭം, സാരസ്യം എന്നിവ എഴുതുക.

21 'അംബ'യെ മുൻനിർത്തി മാരാരുടെ നിരൂപണശൈലിയെക്കുറിച്ച് വിവരിക്കുക.

22 യാഥാതഥ്യത്തിന്റെ വരവോടെ നോവലിലെ അനുഭവലോകത്ത് വന്ന മാറ്റമെന്ത് ?

23 "നിറയും മിഴികളാൽ പിന്നെ ഞാനാകാശത്തും

ചിരിക്കും കിടാവന്റെ കണ്ണിലും പറക്കുന്നു"

—സന്ദർഭം ഏത് ? വ്യക്തമാക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. പരമാവധി മാർക്ക് 20.

24 മലയാള കവിതയിൽ 'നളിനി' കൊണ്ടുവന്ന ഭാവുകത്വ പരിണാമത്തെപ്പറ്റി ഉപന്യസിക്കുക.

25 ആധുനികതയുടെ ഭാവവൈവിധ്യങ്ങൾ 'കലോപാസകൻ', 'കുതിരക്കൊമ്പ്' എന്നീ കവിതകളിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു ? വിശദമാക്കുക.

26 മരണത്തിന്റെ സൗന്ദര്യം എന്ന ലേഖനത്തിലെ വാദമുഖങ്ങളോട് നിങ്ങൾക്കുള്ള പ്രതികരണം എഴുതുക.

27 സ്ത്രീയില്ലാത്ത മാതൃഭൂമി എന്ന ലേഖനത്തിനു വിലയിരുത്തൽക്കുറിപ്പ് തയ്യാറാക്കുക.

($2 \times 10 = 20$ marks)

641317

**D 103710** (Pages : 2) Name.......................................

Reg. No...................................

**SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2024**

B.A./B.Sc.

Malayalam

MAL 2A 08(1)—MALAYALA SAHITHYAM – 2

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "ആ വിശുദ്ധമാം മുഗ്ധ-പുഷ്പത്തെക്കണ്ടില്ലെങ്കിൽ !
ആ വിധം പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ"
–സന്ദർഭം എന്ത് ?

2 അംബ ഭീഷ്മരോട് പ്രതികാരം ചെയ്തത് എങ്ങനെ ?

3 "ഏഴോ എഴുപതോ ഏഴായിരമോ
അതിൽ നിറഭേദങ്ങൾ ?"
–വിവക്ഷിതമെന്ത് ?

4 "സ്ഥിരമില്ലാത്ത ലോകത്തിലെന്തിനായ്
ചിരവിരഹി ഞാൻ മേലിലും കേഴണം.
–ആരുടെ വിലാപമാണിത് ?

5 "തൂവിതൂവി മധുരം വഴിയും തെന്നലിനോടും സൂതകുമാരൻ ചോദിച്ചു "–എന്താണ് ചോദിച്ചത് ?

6 'നളിനി' എന്ന കൃതിയുടെ മറ്റൊരു പേര് എന്ത് ? അതിന്റെ ഔചിത്യമെന്ത് ?

7 "നെഞ്ചിൽ ഉരുവിടും ചൊല്ലുകൾ തെറ്റാതെ
നിന്റെ വിരലിനറ്റങ്ങൾ മുഴക്കുക"
–സന്ദർഭം എന്ത് ?

8 "ചാരമാമെന്നെ കർമ്മകാണ്ഡങ്ങളിൽ ധീരനാക്കുന്നതെന്തൊക്കെയാണെന്നോ ? സന്ദർഭം ?

9 "ജീവിത ദുഃഖത്തിന്റെ കരയിൽ ഒറ്റയ്ക്ക് കുടിലും കെട്ടിപ്പാർത്ത ഈ മനുഷ്യനായിരുന്നു മലയാള സാഹിത്യത്തിലെ ആദ്യത്തെ കാല്പനികവാദിയായ അന്യൻ (romantic outsider) ആര് ആരെക്കുറിച്ച് പറയുന്നതാണിത് ?

Turn over

518355



10 “ആശാനും വൈലോപ്പിള്ളിക്കും ഇടശ്ശേരിക്കും അക്കിത്തത്തിനും ഒപ്പം പരിഗണന അർഹിക്കുന്നുണ്ട് ബാലാമണിയമ്മ”. ആരുടെ അഭിപ്രായമാണിത് ?

11 “കൃത്യമായി പറഞ്ഞാൽ നൂറ്റിപ്പത്ത് വർഷത്തെ ചരിത്രമുണ്ട് മലയാള നോവലിന്. ആര് എവിടെ പരാമർശിക്കുന്നതാണ് ഇപ്രകാരം ?

12 “ചിത്തമാം വലിയ വൈരി കീഴമർ-
ന്നത്തൽ തീർന്നയമി തന്നെ ഭാഗ്യവാൻ”. ആര് ?

13 ദുഷ്യന്തന്റെ രക്ഷയ്ക്ക് കാളിദാസൻ നിയോഗിച്ചത് ആരെ ?

14 വിടരാനിരിക്കുന്ന പൂവുകളോട് കവി പറയുന്ന കഥ എന്താണ് ?

15 “മറവി തന്നിൽ മറഞ്ഞു മനസ്സാലെൻ
മരണഭേരിയടിക്കും സഖാക്കളേ !”ഏത് ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 പ്രതീകങ്ങളിലൂടെ സ്നേഹത്തിന്റെ സവിശേഷ അർത്ഥങ്ങൾ വെളിപ്പെടുത്തുന്ന കവിതയാണോ സൂര്യകാന്തി ? വ്യക്തമാക്കുക.

17 മണിനാദം ആത്മകഥാംശമുള്ള കവിതയാണോ ? പരിശോധിക്കുക.

18 വൈരുദ്ധ്യങ്ങ ളുടേതായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ കേരളീയ സാമൂഹിക രംഗം. എന്തു കൊണ്ട് ?

19 മഴുവിന്റെ കഥയിലെ ഊർജ്ജസ്രോതസ്സ് പുരാവൃത്തമാണ്. പരിശോധിക്കുക.

20 പരശുരാമനും ശിഷ്യനും ചേർന്ന് അംബയ്ക്ക് ഭീഷ്മരോട് ഉള്ള പക ആളി കത്തിയ്ക്കുകയാണ് ചെയ്തത്. ഇതിന് മാരാർ കണ്ടെത്തുന്ന കാരണമെന്ത് ?

21 മാതൃത്വത്തിന്റെ മഹനീയതയെ എങ്ങനെയൊക്കെ ആദരിക്കാം എന്നാണ് ‘അമ്മയെ കുളിപ്പി ക്കുമ്പോൾ’ എന്ന കവിത പഠിപ്പിക്കുന്നത് ?

22 ആശാൻ കവിതയിലെ ചിന്താധീരത നളിനിയിൽ കണ്ടെത്താനാകുമോ ?

23 പുത്തൻചൊല്ല് എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. പരമാവധി 20 മാർക്ക്.

24 ആധുനിക മലയാള കവിതയുടെ പ്രത്യേകതകൾ പാഠഭാഗങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

25 കുട്ടികൃഷ്ണ മാരാർ, ജോസഫ് മുണ്ടശ്ശേരി എന്നിവർ മലയാള ഗദ്യത്തെ ഏതൊക്കെ തരത്തിൽ യുക്ത്യ ധിഷ്ഠിതമാക്കി ?

26 ആശാന്റെ കാല്പനികതയിൽ നിന്നും ഇടപ്പള്ളിയിലേക്ക് എത്തുമ്പോൾ മലയാള കവിതയുടെ ഭാവ പരിണാമം എങ്ങനെ അടയാളപ്പെടുത്താം ?

27 സാവിത്രി രാജീവൻ, കൽപ്പറ്റ നാരായണൻ എന്നിവർ സ്ത്രീ അവസ്ഥകളെ വീണ്ടെടുക്കുന്നത് എങ്ങ നെ ?

(2 × 10 = 20 mrks)

518355

392053

**C 43131** (Pages : 2) Name.....................................

Reg. No..................................

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2023

B.A./B.Sc.

Malayalam

MAL 2A 08(1)—MALAYALA SAHITHYAM – 2

(2019–2022 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 25)

1 ആധുനിക കവിത്രയം ആരെല്ലാം ?

2 ആദ്യ ജ്ഞാനപീഠം ലഭിച്ച കവിയാര് ? കൃതിയേത് ?

3 തന്റെ മരണശയ്യയിൽ മാന്തളിർ ചാർത്തുവാൻ എന്തെല്ലാമുണ്ടെന്നാണ് കവി വിശ്വസിക്കുന്നത് ?

4 "കാറുവാങ്ങണമച്ഛൻ" എന്ന മകന്റെ ആഗ്രഹം കേട്ടപ്പോൾ അച്ഛനു മനസ്സിൽ തോന്നിയതെന്ത് ?

5 പ്രകൃതിയിൽ എവിടെയെല്ലാമാണ് സൂതകുമാരൻ കുതിരക്കൊമ്പുകൾ തേടിയത് ?

6 നേരത്തെ എത്തിയവരെല്ലാം എങ്ങനെ നടന്നവരാണെന്നാണ് കവി പറയുന്നത് ?

7 "ഓർമ്മകൾ തിങ്ങി ഞെരുങ്ങിയ

ചുളിവുകൾ നിവർന്ന് തുടങ്ങിയാൽ"

–അമ്മ എന്തു ചെയ്യും ?

8 അംബ തന്റെ അഭിലാഷം ഭീഷ്മരോടു തുറന്നു പറഞ്ഞപ്പോൾ അദ്ദേഹം ചെയ്തതെന്ത് ?

9 ഉലയിൽ വെച്ചൂതിയെടുത്ത തനിപ്പൊന്നായ പ്രണയമാണ് അതിലെ പ്രതിപാദ്യമെന്ന് ഏതു കൃതിയെക്കുറിച്ചാണ് പരാമർശിക്കാറുള്ളത് ? കർത്താവാര് ?

10 'നിരാശ' എന്ന കവിതയിൽ ഇടപ്പള്ളി ധ്വനിപ്പിക്കുന്നതെന്ത് ?

11 കുരങ്ങനെ പെറ്റ മാൻപേടയുടെ പരിഭ്രമം അമ്മയുടെ കണ്ണുകളിൽ താൻ കണ്ടിട്ടുണ്ടെന്ന് പറഞ്ഞതാര് ? അമ്മയാര് ?

12 ആവിർഭാവ ദശകങ്ങളിലെ നോവലുകളുടെ പരിമിതി എന്തായിരുന്നു ?

13 "തെറ്റാണൂഹമെങ്കിൽ ഞാൻ ചോദിച്ചീല"–ആര് ആരോടാണ് ചോദിച്ചത് ? ഊഹിച്ചതെന്ത് ?

14 അകൃതവ്രണൻ അംബയോട് പറഞ്ഞതെന്ത് ?

15 മരണത്തെയും സൗന്ദര്യത്തെയും കുറിച്ച് മരിയോ പ്രാസ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ത് ?

(25 marks)

**Turn over**

392053

392053



## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 35)

16 "കുന്ദവല്ലി വനഭൂവിൽ നിൽക്കിലും

കുന്ദമാണതിനു കാന്തി വേറെയാം"

–സന്ദർഭം വ്യക്തമാക്കുക.

17 ഭാവഗീതരചനയിൽ കൃതഹസ്തനാണ് ജി. ശങ്കരക്കുറുപ്പ്. 'സൂര്യകാന്തി'യെ ആസ്പദമാക്കി വിലയിരുത്തുക.

18 "രുജതന്നവതാരരൂപമേ ഒരിക്കലും

രുചിയോടിരുന്നന്നം കഴിച്ചീലിജന്മം നീ"

–ആശയം വിശദമാക്കുക.

19 "സ്ത്രീപക്ഷത്തിലേക്കു കടക്കുമ്പോഴാണ് കാളിദാസനെ നിയന്ത്രിച്ച സാമൂഹ്യശക്തിയുടെ വിശ്വരൂപം കാണാറാവുന്നത്"–വിശദീകരിക്കുക.

20 "ഇടപ്പള്ളിയുടെ ആത്മഹത്യയെ തത്ത്വചിന്താപരമായ ഒന്നായിട്ടാണ് കാണേണ്ടത്"–കെ.പി. അപ്പന്റെ ഈ അഭിപ്രായം പരിശോധിക്കുക.

21 "ചിരഞ്ജീവിയാണ് പരശുരാമൻ എന്ന സങ്കല്പത്തിന്റെ പൊരുൾ പരതുകയായിരുന്നു സ്വന്തം സ്ത്രീ സ്വത്വമുപയോഗിച്ച് ബാലാമണിയമ്മ"–വിശദമാക്കുക.

22 ഇന്ത്യയിൽ നോവലിന്റെ പിറവിയ്ക്ക് കാരണമായതെന്തെല്ലാമാണ് ?

23 "സുന്ദരി എനിക്ക് ഭീഷ്മരെ പേടിയുണ്ട് നീ അദ്ദേഹത്തിന്റെ സ്വന്തവുമായി"–ആരുടെ വാക്കുകൾ ? സന്ദർഭം വിശദീകരിക്കുക.

(35 marks)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 'സംസ്കാരവും സന്ന്യാസവും തമ്മിലുള്ള സംഘർഷാത്മകതയാണ് നളിനീകാവ്യത്തിന്റെ ഭാവഭംഗിയ്ക്ക് മാറ്റേറ്റുന്നത്'–ഉദാഹരണസഹിതം സമർത്ഥിക്കുക.

25 കാളിദാസൻ കാലത്തിന്റെ ദാസനാകുന്നതെങ്ങനെ ? മുണ്ടശ്ശേരിയുടെ നിഗമനങ്ങൾ വിശദമാക്കുക.

26 കുതിരക്കൊമ്പ് എന്ന കവിതയിൽ അന്തർലീനമായിരിക്കുന്ന പൊരുളുകൾ കണ്ടെത്തുക.

27 "എന്റെ പ്രിയപ്പെട്ട പുസ്തകമായി ബാലാമണിയമ്മയുടെ കവിതകൾ എടുത്തു കാട്ടുമ്പോൾ മുന്തിയതാണെന്റെ രുചി എന്ന് അഹങ്കരിക്കുക മാത്രമല്ല മലയാളികൾക്കെല്ലാംവേണ്ടി ഒരു പ്രായശ്ചിത്തം ചെയ്യുകയാണ് ഞാൻ"–കല്പറ്റ നാരായണന്റെ ആശയങ്ങൾ സംഗ്രഹിക്കുക.

($2 \times 10 = 20$ marks)

392053

264295

**C 23826** **(Pages : 2)** **Name....................................**

**Reg. No.................................**

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2022

(B.A./B.Sc.)

Malayalam

MAL 2A 08 (1)—MALAYALA SAHITHYAM – 2

(2019–2020 Admissions)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "ജന്തുവിന്നു തുടരുന്നു വാസനാ-

ബന്ധമിങ്ങുടലുവീഴുവോളവും"

—ആശയം വിശദമാക്കുക.

2 സ്നേഹത്തെക്കുറിച്ചുള്ള തത്ത്വങ്ങൾ സൂര്യകാന്തിയിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

3 നേർവഴി തെളിയിക്കാമായിരുന്ന പരശുരാമന് കാര്യവിവേകമില്ലാതെ പോയത് എന്തുകൊണ്ടാണെന്നാണ് മാരാര് പറയുന്നത് ?

4 "ബാലകന്മാരേ ! നടക്കേണ്ടതു മണ-

ലാരണ്യകാണ്ഡത്തിലല്ലയോ ?"

—വിവക്ഷിതമെന്ത് ?

5 "നിമിഷങ്ങളോ മീതെ നിത്യത താനോ ?

കുഞ്ഞിൻ ചിരിയോ പാരിൻ കൃതജ്ഞതയോ പരം മോക്ഷം"

—ആശയം വിശദമാക്കുക.

6 'കുതിരകൊമ്പ്' എന്ന കവിത അവതരിപ്പിക്കുന്ന ആശയസംഹിത എന്ത് ?

7 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിത നൽകുന്ന സന്ദേശമെന്ത് ?

8 മഹാഭാരതത്തിലെ ശകുന്തള തന്റേടക്കാരിയാണ് എന്നു പറയുന്നത് എന്തുകൊണ്ട് ?

9 'സ്വന്തം രചനയിലൂടെ ഇടപ്പള്ളിയുമിതു തന്നെയാണ് വിളിച്ചു പറഞ്ഞത്' നിരൂപകൻ ചൂണ്ടിക്കാട്ടുന്നതെന്ത് ?

10 യഥാതഥ നോവൽ രചയിതാക്കളിൽ നിന്ന് ബഷീർ മാറി നിൽക്കുന്നത് ഏതെല്ലാം തലങ്ങളിലാണ് ?

11 സൂതകുമാരൻ കുതിരക്കൊമ്പ് അന്വേഷിച്ചു നടക്കുന്നത് എവിടെല്ലാമാണെന്നാണ് കവി പറയുന്നത് ?

12 പരശുരാമൻ ആയുധമെടുക്കില്ലെന്ന തീരുമാനം മാറ്റാൻ കാരണമെന്താണെന്നാണ് മാരാര് പറയുന്നത് ?

**Turn over**

264295

264295



13 ‘തൽക്ഷണം കറമ്പിരാവെന്തിനങ്ങോട്ടേയ്ക്കെത്തീ’–സന്ദർഭം വിശദമാക്കുക.

14 ‘കലോപാസകൻ’ എന്ന കവിതയിൽ കവിയുടെ നിസ്സഹായാവസ്ഥ എന്ത് ?

15 ഇടപ്പള്ളിക്കവികളുടെ കാവ്യരീതിയെ എങ്ങനെ വിശേഷിപ്പിക്കാം ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 “ഹാ മനുഷ്യനഥവാ ഹിതാർത്ഥമായ്
വാമലീല തുടരുന്നതാം വിധി”
–ആശയം വ്യക്തമാക്കുക.

17 ആധുനിക കവിതയുടെ ഉദയവികാസങ്ങൾ വിവരിക്കുക.

18 പാരമ്പര്യതിരസ്കാരത്തിന്റെയും രാഷ്ട്രീയ പരിഹാസത്തിന്റെയും വേദിയാണ് കതിരക്കൊമ്പ്’ എന്ന കവിത–വിലയിരുത്തുക.

19 ശൈശവത്തിന്റേയും വാർധക്യത്തിന്റെയും അവസ്ഥകളെ ‘അമ്മയെ കുളിപ്പിക്കുമ്പോൾ’ എന്ന കവിതയിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു ?

20 “മണലടിഞ്ഞു മയങ്ങിക്കിടക്കട്ടെ
പ്രണയമറ്റതാമീ മൺപ്രദീപകം!”
–ഭാവതലം വ്യക്തമാക്കുക.

21 ‘അംബ’യെ മുൻനിർത്തി മാരാരുടെ നിരൂപണ ശൈലിയെക്കുറിച്ച് വിവരിക്കുക.

22 ബഷീറിന്റെ രചനകളിലെ എഴുത്തുകാരന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് വിവരിക്കുക.

23 ‘മരണവും പ്രേമവും ഇടപ്പള്ളിക്ക് രണ്ടു നല്ല സഹോദരികളായിരുന്നു എന്ന് കെ.പി. അപ്പൻ സ്ഥാപിക്കുന്നതെങ്ങനെ ?

(35 marks)

III. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. പരമാവധി മാർക്ക് 20.

24 മലയാള കവിതയ്ക്ക് ഒരു പുതിയ വഴി തുറന്നു തന്ന കവിയാണ് കുമാരനാശാൻ, ‘നളിനി’യെ മുൻനിർത്തി സമർത്ഥിക്കുക.

25 ആധുനികതയുടെ ഭാവവൈവിധ്യങ്ങൾ ‘കലോപാസകൻ’, ‘കുതിരക്കൊമ്പ്’ എന്നീ കവിതകളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

26 സ്ത്രീയില്ലാത്ത മാതൃഭൂമി എന്ന ലേഖനത്തിൽ കല്പറ്റ നാരായണൻ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം ? വിശദമാക്കുക.

27 കാളിദാസൻ കാലത്തിന്റെ ദാസനാണെന്ന് മുണ്ടശ്ശേരി സ്ഥാപിക്കുന്നതെങ്ങനെ ? വിവരിക്കുക.

(2 × 10 = 20 marks)

264295

**C 22036** **(Pages : 2)** **Name.......................................**

**Reg. No..................................**

## SECOND SEMESTER (CBCSS—UG) DEGREE EXAMINATION
## APRIL 2022

Malayalam (B.A./B.Sc.)

MAL 2A 08 (1)—MALAYALA SAHITHYAM—2

(2021 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

1. വാനിൽനിന്നു നിജ നീഡമാർന്നെഴും
   കാനനം ഖഗയുവാവു പോലവേ - ആശയം വിശദമാക്കുക.
2. പ്രാണനാഥന്റെ വിഷാദത്തെ സൂര്യകാന്തിയിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
3. അംബയെ ആശ്രമത്തിൽ താമസിപ്പിക്കുന്നത് ഉചിതമല്ലെന്ന് സന്യാസിമാർ തീരുമാനിച്ചത് എന്തുകൊണ്ടാണെന്നാണ് മാരാര് ചൂണ്ടിക്കാട്ടുന്നത്?
4. 'പൊന്നേ' എന്നതിനുപകരം 'പുല്ലേ' എന്ന വിളി അക്ഷേപമാകില്ലെന്ന് കവി പറയാൻ കാരണമെന്ത്?
5. പ്രീതനായ പിതാവ് ആവശ്യമുള്ള വരം ചോദിച്ചപ്പോൾ ഒരിക്കൽക്കൂടി മാതൃഹത്യ ചെയ്യുകയാണ് പരശുരാമൻ ചെയ്തത് എന്ന് ലേഖകൻ പറയാനുണ്ടായ കാരണമെന്ത്?
6. 'വാടിയ പൂക്കളോടല്ല ഇനി വിടരേണ്ടുന്ന മൊട്ടുകളോടാണ് കഥ പറയേണ്ടത്' എന്ന് കവി പറയാൻ കാരണമെന്ത്?
7. സർഗ്ഗാത്മകസമൃദ്ധി കവിയ്ക്ക് മുൾക്കിരീടമായി തോന്നാൻ കാരണമെന്ത്?
8. തത്ത്വശാസ്ത്രങ്ങൾ ഉറങ്ങിക്കിടന്നാൽ എന്തുണ്ടാകുമെന്നാണ് കവി കാട്ടിത്തരുന്നത്?
9. നോവലിന്റെ വളർച്ചയെ സ്വാധീനിച്ച ഘടകങ്ങൾ എന്തൊക്കെയാണ്?
10. ആസ്സാംപണിക്കാർ എന്ന കവിതയിലൂടെ വ്യക്തമാകുന്ന വൈലോപ്പിള്ളിയുടെ ദർശനമെന്ത്?
11. 'ഏഴോ എഴുപതോ ഏഴായിരമോ അതിൽ നിറഭേദങ്ങൾ'- ആശയം വിശദമാക്കുക.
12. പരശുരാമൻ അംബയ്ക്ക് നൽകുന്ന ഉറപ്പ് എന്ത്?
13. ഭാവഗീതം എന്നാലെന്ത്?
14. ഹരിതാഭരണം എന്ന കവിത നൽകുന്ന സന്ദേശം എന്ത്?
15. അംബയുടെ പ്രതികാരം എന്തായിരുന്നു?

(10 × 3 = 30 marks)

**Turn over**



11105

## Section B

*Answer at least* **five** *questions.*

*Each question carries* 6 *marks.*

*All questions can be attended.*

*Overall Ceiling* 30.

16. താമരപ്പൂവിനെ നളിനിയുടെ അന്ത:രംഗവുമായി ബന്ധപ്പെടുത്തി ആശാൻ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
17. സ്നേഹത്തെക്കുറിച്ചുള്ള തത്ത്വങ്ങൾ 'സൂര്യകാന്തി'യിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
18. 'കലോപാസകൻ' എന്ന കവിത മുന്നോട്ടുവെയ്ക്കുന്ന ദർശനം എന്ത്?
19. 'കുതിരക്കൊമ്പ്' എന്ന കവിതയുടെ രാഷ്ട്രീയമാനം വിശദമാക്കുക.
20. 'ഹരിതാഭരണം'എന്ന കവിത മുന്നോട്ടുവെയ്ക്കുന്ന പാരിസ്ഥിതികവീക്ഷണം വ്യക്തമാക്കുക.
21. നിത്യജീവിതത്തിലെ സൂക്ഷ്മചലനങ്ങളുടെ സ്വച്ഛന്ദമായ ആവിഷ്കരണമാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ; എന്ന കവിത-സമർത്ഥിക്കുക.
22. വ്യവഹാരവൈവിധ്യത്തിലൂടെ ഒറ്റ വ്യവഹാരത്തിന്റെ ആധിപത്യത്തെ ചെറുക്കുന്ന സാഹിത്യരൂപമാണ് നോവൽ -വിശദമാക്കുക.
23. മലയാളത്തിലെ മുൻനിര കവികൾക്കൊപ്പം പ്രാധാന്യമർഹിക്കുന്ന കവയിത്രിയാണ് ബാലാമണിയമ്മ എന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ?

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*

*Each question carries* 10 *marks.*

24. 'അസ്സാംപണിക്കാർ' എന്ന കവിത മുന്നോട്ടുവെയ്ക്കുന്ന ചിന്തകൾ എന്തെല്ലാം?
25. ആക്ഷേപഹാസ്യകൃതി എന്ന നിലയിൽ 'കുതിരക്കൊമ്പ്' എന്ന കവിതയെ വിലയിരുത്തുക.
26. 'തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിത മുന്നോട്ടുവെയ്ക്കുന്ന ദർശനം എപ്രകാരമാണ് നിരൂപക സമർത്ഥിക്കുന്നത് - വിശദമാക്കുക.
27. ജീവിതവും ചെറുകഥയും തമ്മിലുള്ള അഭേദത്തെ നിരൂപകൻ വിശദീകരിക്കുന്നതെങ്ങനെ?

(2 × 10 = 20 marks)

C 4337 (Pages : 3) Name..................................

Reg. No..................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam (B.A./B.Sc.)

MAL 2A 08 (1)—MALAYALA SAHITHYAM – 2

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer atleast* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1 'ഹന്ത ! ധന്യമിഹ നിന്റെ ജീവിതം'—ആരുടെ ചിന്തയാണ് ? കാരണമെന്ത് ?

2 വ്യംഗ്യാർത്ഥ ചമത്കൃതമായ കവിതയാണ് 'സൂര്യകാന്തി'—വിശദമാക്കുക.

3 പരശുരാമനെ വിമർശനബുദ്ധ്യാ മാരാര് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

4 ഇടപ്പള്ളി കാലത്തെ കണ്ടിരുന്നത് എപ്രകാരമാണ് ? വിശദമാക്കുക.

5 "ജീവിതസാഫല്യത്തിൻ പൊരുളെങ്ങുലകിൽ

കേവലമൃത്പിണ്ഡത്തിന്നുള്ളിലോ പുറമെയോ"

—ആശയം വിശദമാക്കുക.

6 സൂതകുമാരൻ കൊമ്പുള്ള കുതിരയെ സൃഷ്ടിക്കുന്നതെങ്ങനെ ?

7 ഭൂതവർത്തമാനകാലങ്ങളെ സമന്വയിപ്പിക്കുകയാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ. വ്യക്തമാക്കുക.

8 "നേരേനടന്നവരെന്നറിഞ്ഞീടുക

നേരത്തേയെത്തിയോരെല്ലാം"

—സാരസ്യം വിശദമാക്കുക.

9 ഇടപ്പള്ളി രാഘവൻ പിള്ളയുടെ കവിതാരീതിയുടെ പൊതുസ്വഭാവം എഴുതുക.

10 'അവിടുന്നും കടന്ന് അവയെ വ്യാഖ്യാനിക്കാൻ പുറപ്പെട്ടാലേ കുഴപ്പമുള്ളൂ'–മുണ്ടശ്ശേരി വിവക്ഷിക്കുന്നതെന്ത് ?

11 അസംബന്ധകവിത എന്ന നിലയിൽ 'കുതിരക്കൊമ്പി'നെ വിലയിരുത്തുക.

12 സാല്വൻ അംബയെ ഉപേക്ഷിക്കാൻ കാരണമെന്ത് ?

Turn over



11105

66084



13 "പരനിന്ദ വീശുന്നവാളിനാൽ ചൂളിപ്പോകാ,

പരകോടിയിൽച്ചെന്ന പാവനദിവ്യസ്നേഹം"

—വിശദമാക്കുക.

14 സൂര്യകാന്തിയെ മിസ്റ്റിക് കാവ്യമായി പരിഗണിക്കുന്നതിന്റെ യുക്തി എന്താണ് ?

15 ആധുനിക കവിതയുടെ ചില പൊതുസ്വഭാവങ്ങൾ എഴുതുക.

(10 × 3 = 30 marks)

## Section B

*Answer atleast* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

16 "മീനിനാൽ ഓമനച്ചെറുമൃണാളെമെന്നപോൽ

വാമനേത്രയുടെ വാമമാംകരം"

—സന്ദർഭവും ആശയവും വ്യക്തമാക്കുക.

17 'പലരും കരുതുന്നതു പോലെ പ്രേമനൈരാശ്യം കൊണ്ടല്ല ഇടപ്പള്ളി സ്വയം നശിപ്പിച്ചത്'—വിശദീകരിക്കുക.

18 ഇല്ലാത്ത ഒന്നിനെക്കുറിച്ചുള്ള കഥ മെനയലാണ് 'കുതിരക്കൊമ്പ്' എന്ന കവിത. വിശദമാക്കുക.

19 വാർധക്യത്തിന്റെ അവസ്ഥകളെ 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു ?

20 'മഹാഭാരതത്തിലെ ദുഷ്യന്തൻ നാട്ടുകാരോടുത്തരവാദപ്പെട്ടിരിക്കുമ്പോൾ കാളിദാസന്റെ ദുഷ്യന്തൻ തന്നോടു തന്നെ ഉത്തരവാദപ്പെട്ടിരിക്കുന്നു—വിവരിക്കുക.

21 അംബ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

22 ബഷീറിന്റെ നോവലുകൾ യഥാതഥനോവലിന്റെ വഴക്കത്തിൽ നിന്ന് വ്യതിരിക്തമാകുന്നതെങ്ങനെ ?

23 ആധുനികതയിൽ നിന്ന് ആധുനികാനന്തരതയിലേക്കുള്ള മാറ്റം ആറ്റൂരിന്റെ കവിതയിൽ കാണാം ശരിയോ ? വ്യക്തമാക്കുക.

(5 × 6 = 30 marks)

66084

66084



## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

III. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

24 കേവലപ്രണയത്തിന്റെ ഭൂമികയിൽനിന്നുയർന്ന് പ്രണയത്തിന്റെ ആദ്ധ്യാത്മികഭാവത്തിലേക്ക് വളർന്നു വികസിക്കുന്ന കവിതയാണ് സൂര്യകാന്തി—വിലയിരുത്തുക.

25 ലോകത്തിന്റെ അവസ്ഥാന്തരത്തെ കലോപാസകൻ എന്ന കവിത അവതരിപ്പിക്കുന്നതെങ്ങനെ ?

26 സ്ത്രീയില്ലാത്ത മാതൃഭൂമി എന്ന ലേഖനത്തിലെ ആശയം ചുരുക്കി എഴുതുക.

27 എഴുത്തും അധികാരവും നോവലിന്റെ വ്യാവഹാരികതയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന നിരൂപകാഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

(2 × 10 = 20 marks)

66084

C 82393-B BA/BSc (Pages : 2) Name.....................................

Reg. No.....................................

[college seal stamp]

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2020

Malayalam

MAL 2A 08 (1)—MALAYALA SAHITHYAM–2

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "വാനിൽ നിന്നും നിജ നീഡമാർന്നെഴും

കാനനം ഖഗയുവാവു പോലവേ"

—ആശയം വിശദമാക്കുക.

2 പ്രാണനാഥന്റെ വിഷാദത്തെ സൂര്യകാന്തിയിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

3 അംബയെ ആശ്രമത്തിൽ താമസിപ്പിക്കുന്നത് ഉചിതമല്ലെന്ന് സന്യാസിമാർ തീരുമാനിച്ചത് എന്തു കൊണ്ടാണെന്നാണ് മാരാർ ചൂണ്ടിക്കാട്ടുന്നത് ?

4. "ഇന്നുനാമാദ്യ കവിതയുണ്ടാക്കുക

ഇന്നുനാമാദ്യ കവിത വായിക്കുക"

—കവി വിവക്ഷിതമെന്ത് ?

5 പ്രീതനായ പിതാവ് ആവശ്യമുള്ള വരം ചോദിച്ചപ്പോൾ ഒരിക്കൽക്കൂടി മാതൃഹത്യ ചെയ്യുകയാണ് പരശുരാമൻ ചെയ്തത് എന്ന് ലേഖകൻ പറയാനുണ്ടായ കാരണമെന്ത് ?

6 'വാടിയ പൂക്കളോടല്ല ഇനി വിടരേണ്ടുന്ന മൊട്ടുകളോടാണ് കഥ പറയേണ്ടത്' എന്ന് കവി പറയാൻ കാരണമെന്ത് ?

7 സർഗ്ഗാത്മക സമൃദ്ധി കവിയ്ക്ക് മുൾക്കിരീടമായി തോന്നാൻ കാരണമെന്ത് ?

8 'മഹാഭാരതകഥയിൽ അവളുടെ നില ഒന്നാന്തരം തന്റേടകാരിയായിട്ടാണ്' ലേഖകൻ സൂചിപ്പിക്കുന്നതെന്ത് ?

9 ആധുനിക നിരൂപണത്തിന്റെ പൊതു സവിശേഷതകൾ എന്തെല്ലാമായിരുന്നു ?

10 "പിരികയാണിതാ, ഞാനൊരധഃകൃതൻ

കരയുവാനായ് പിറന്നൊരു കാമുകൻ"

—ഈ വരികളിൽ തെളിയുന്ന ഭാവതലം വ്യക്തമാക്കുക.

11 'ഏഴോ എഴുപതോ ഏഴായിരമോ അതിൽ നിറഭേദങ്ങൾ'—ആശയം വിശദമാക്കുക.

12 പരശുരാമൻ അംബയ്ക്ക് നൽകുന്ന ഉറപ്പ് എന്ത് ?

Turn over

13 ഭാവഗീതം എന്നാലെന്ത് ?

14 'ഇതില്പരം ഒരു യുക്തിവിരോധം എവിടെ കാണും ?' മുണ്ടശ്ശേരി കാണുന്ന യുക്തിവിരോധം എന്താണ് ?

15 അംബയുടെ പ്രതികാരം എന്തായിരുന്നു ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 താമരപ്പൂവിനെ നളിനിയുടെ അന്ത:രംഗവുമായി ബന്ധപ്പെടുത്തി ആശാൻ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

17 സ്നേഹത്തെക്കുറിച്ചുള്ള തത്ത്വങ്ങൾ 'സൂര്യകാന്തി'യിൽ കവി ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

18 'കലോപാസകൻ' എന്ന കവിത മുന്നോട്ടു വെയ്ക്കുന്ന ദർശനം എന്ത് ?

19 'കുതിരക്കൊമ്പ്' എന്ന കവിതയുടെ രാഷ്ട്രീയമാനം വിശദമാക്കുക.

20 'മണിനാദം' എന്ന കവിതയിൽ ദൃശ്യമാകുന്ന കാല്പനികാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുക.

21 നിത്യജീവിതത്തിലെ സൂക്ഷ്മ ചലനങ്ങളുടെ സ്വച്ഛന്ദമായ ആവിഷ്ക്കരണമാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' —എന്ന കവിത സമർത്ഥിക്കുക.

22 'സൂര്യകാന്തി' എന്ന കവിതയിലെ മിസ്റ്റിക് തലങ്ങൾ വിശദമാക്കുക.

23 മലയാള കവിതയിൽ ഭാവുകത്വ പരിണാമത്തിനു വഴി മരുന്നിട്ട കവികളിൽ പ്രധാനിയാണ് ആറ്റൂർ രവിവർമ്മ—വിശദമാക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക്.

24 'മരണത്തിന്റെ സൗന്ദര്യം' എന്ന ലേഖനത്തിൽ കെ.പി. അപ്പൻ മുന്നോട്ടു വെയ്ക്കുന്ന ചിന്തകൾ എന്തെല്ലാം ? വിവരിക്കുക.

25 ആക്ഷേപഹാസ്യകൃതി എന്ന നിലയിൽ 'കുതിരക്കൊമ്പ്' എന്ന കവിതയെ വിലയിരുത്തുക.

26 'നളിനി'യെ ആധാരമാക്കി കുമാരനാശാന്റെ കാവ്യദർശനം വിശകലനം ചെയ്യുക.

27 എഴുത്തും അധികാരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ലേഖകൻ പറയുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

(2 × 10 = 20 marks)